<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>പ്രൊബേഷൻ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ൽ 2006-ൽ ക്ലാർക്ക് ജോലിയിൽ പ്രവേശിച്ച ബിജോയ്.കെ.എം.ന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷയിൽ നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | 28/09/2024-ലെ സ.ഉ(സാധാ)നം6546/2024/ GEDN സർക്കാർ ഉത്തരവ് പ്രകാരം ശ്രീ ബിജോയ്.കെ.എം **-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | 2023 മെയ് 31 ന് സർവ്വീസിൽ നിന്ന് വിരമിച്ച ടിയാന്റെ അപേക്ഷയിൽ തീർപ്പു കല്പിക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്** |
| (സി) | രോഗിയായ ബിജോയിയുടെ പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 24/02/2013 പൂർവ്വാഹ്നം പ്രാബല്യത്തിൽ ശ്രീ ബിജോയ്.കെ.എം -ന്റെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയ ഉത്തരവിന്റെ പകർപ്പ്, സേവനപുസ്തകം എന്നിവ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ